what is the principle applied in appointing a certain class in a higher grade of pay and others in a lower grade?

Rao Sahib I. N. Menon *(Director of Public Instruction):* I don't claim I have understood the question very clearly. I shall however try to answer. Most of the appointments under Schedule B were made years ago when qualified men were not available. Take, for instance, item No. 1. She is Form III trained. She has put in 34 years of service, and it is doubtful whether qualified persons were available for appointment at that time. The only cases to which the hon'ble member's question can apply probably will be items 13 to 28, people with about 10 years or under of service. Some of them, I have to speak from memory, were appointed for some special reason or other. Some I know were taken over from private service when schools came to be taken over by the Government. So we did not at that time reduce their pay beyond a certain limit. Some were appointed because they had some special qualifications which were required. For instance, trained and specially trained in co-operation. The appointment was made in the Training School for which such qualified persons were requisitioned. And there is the case of one P. M. Varkey, School Final and Sericulture trained. He was sent up for special training by this Government to Mysore on the distinct understanding that he will be given a grade higher than the usual Malayalam P-3 on his return. This is the only information which I have with regard to some of these specific appointments. They were made years ago, and I can find no special records relating to their appointments except their service orders. I can, however, give the hon'ble member a distinct assurance that we will see that with an exception of a handful of persons every other person has obvious justification for being appointed to that grade.

QUESTION PAPERS—SCHOLARSHIP EXAMINATION

182. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് സദയം മറുപടി പറയാമൊ.—

(എ) ൧൧൧൭ മാർച്ചുമാസത്തിൽ നടത്തിയ പ്രിപ്പരേറററി ക്ലാസ്സുകളിലേയും ആംഗ്ലോ വർണാകുലർ സ്കൂളുകളിലെ നാലാം ക്ലാസ്സുകളിലേയും കുട്ടികളുടെ സ്കോളർഷിപ്പു പരീക്ഷക്ക് മററ വിഷയം (General subjects) ചോദ്യക്കടലാസ്സ് തയ്യാറാക്കിയതു ആരാണെന്നും ആ ചോദ്യക്കടലാസ്സ് (Board of Examiners) അംഗീകരിച്ചതിന്നു ശേഷമായിരുന്നുവൊ പരീക്ഷ നടത്തിയതു എന്നും പറയാമോ;

(ബി) ആ ചോദ്യങ്ങൾ above standard ആയിരുന്നുവെന്ന് എക്സാമിനേഷൻ ബോർഡിന്നു പിന്നീടു ബോദ്ധ്യപ്പെട്ടുവോ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ :

(എ) പബ്ലിക്ക് പരീക്ഷകളുടെ പരീക്ഷകന്മാരുടെ പേരുകൾ പ്രസിദ്ധപ്പെടുത്തുവാൻ പാടില്ലാത്തതുകൊണ്ട് പ്രസ്തുത ചോദ്യക്കടലാസ്സുണ്ടാക്കിയതാരാണെന്നു പറയുവാൻ നിവൃത്തിയില്ല. പരീക്ഷക ബോർഡു ആ ചോദ്യക്കടലാസ്സ് അംഗീകരിച്ചതിനുശേഷമാണു് പരീക്ഷ നടത്തിയതു്.

(ബി) ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആളുടെ പേരുപറയുവാൻ പാടില്ലെങ്കിൽ ആ ആൾ ഇപ്പോഴത്തെ ബോർഡിൽ ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: ബഹുമാനപ്പെട്ട മെമ്പർക്ക് ആളെ അറിയാമെന്നുതോന്നുന്നുണ്ട്. പക്ഷെ എനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് എനിക്കു ധൈര്യമായിട്ടു മറുപടിപറയാൻ കഴിയും. സ്റ്റാൻേറഡിനേക്കാൾ കൂടുതലായിട്ടുണ്ടെന്നുള്ള പരാതി ഉണ്ടായിട്ടില്ല. ചില ബോർഡുമെമ്പർമാർ സിലബസ്സിൽ പെടാത്തതായ ചില ചോദ്യങ്ങൾ പുറത്തുനിന്നുണ്ടായതായി പറഞ്ഞിട്ടുണ്ട്. എന്നാൽ സ്കാളർഷിപ്പു് പരീക്ഷക്കു് സിലബസ്സിൽ കവിഞ്ഞതായ ഒരു ചോദ്യം ചോദിച്ചിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. സാധാരണ പന്ത്രാ, പതിനഞ്ചോ കുട്ടികളുടെ ബുദ്ധിക്കു കവിഞ്ഞിട്ടുള്ള ചോദ്യമായിരിക്കുമെന്നുപറയുകയുണ്ടായി. അതിനെപ്പററി ആവലാതിയൊന്നുമുണ്ടായിട്ടില്ല. അങ്ങിനെയുള്ള ചോദ്യം ചോദിച്ചിട്ടുണ്ടെന്നുള്ള വിവരം എനിക്കറിവുകിട്ടിയപ്പോൾ ഞാൻ പ്രസിഡണ്ടിൻെറ നിലയിൽ അപ്രകാരമുള്ള പ്രയാസമേറിയ ചോദ്യങ്ങൾ മേലാൽ ചോദിക്കരുതെന്നും, പരീക്ഷക്കുപോയിട്ടുള്ളവരുടെ ഉത്തരകടലാസുകൾ ലീനിയൻറായിട്ടു വാല്യൂ ചെയ്യണമെന്നും പറഞ്ഞിട്ടുണ്ട്.

M. S. ARANDAPALLOM—PARTICULARS OF

183. മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) എം. എസ്സ്. അരണ്ടപ്പള്ളത്തിൽ ൧൧൧൫-ലും ൧൧൧൬-ലും എത്ര വീതം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു;

(ബി) ആ കാലങ്ങളിൽ എത്ര അദ്ധ്യാപകന്മാരുണ്ടായിരുന്നു;

(സി) അന്നത്തെ പ്രധാന അദ്ധ്യാപകൻ ആരായിരുന്നു;

(ഡി) ടി സ്കൂളിൽ ൧൧൧൭-ൽ ഒട്ടാകെ എത്ര വിദ്യാർത്ഥികളുണ്ട്;

(ഇ) എത്ര അദ്ധ്യാപകന്മാരുണ്ട്;

(എഫ്) ഓരോ ക്ലാസ്സിലും എത്ര വീതം വിദ്യാർത്ഥികളുണ്ട്;

(ജി) കൂടുതൽ ഒരദ്ധ്യാപകൻവേണമെന്നു് ടി സ്കൂളിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ;

(എച്ച്) അതനുവദിച്ചിട്ടുണ്ടോ;

(ഐ) ഇല്ലെങ്കിൽ അനുവദിക്കാതിരിപ്പാൻ കാരണമെന്തു് ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ :

(എ) ൧൧൧൫—൪൮. ൧൧൧൬—൧൧൬.

(ബി) ൧൧൧൫—൨. ൧൧൧൬—൩.

LIBRARY ARCHIVES Kerala Legislative Assembly